പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1178 | 15-10-2026-ൽ മറുപടിയ്ക്ക്

<u>നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗീസ് മാമ്മൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതുമരാമത്ത് നിർമ്മാണങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പൊതുമരാമത്ത് നിർമ്മാണങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടില്ല.

**(ബി)** പൊതു വിഭവങ്ങളുടെ ഗുണപരമായ വിനിയോഗവും നിർമ്മാണങ്ങളിലെ ആസൂത്രണ മികവും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് മുൻഗണനാക്രമം നിശ്ചയിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിലവിലുള്ള റോഡുകളുടെയും പാലങ്ങളുടെയും ശൃംഖല സമഗ്രമായി വിലയിരുത്തി, ഗതാഗത ആവശ്യകതകൾ, റോഡുകളുടെ അവസ്ഥ, ഘടനാപരമായ സുരക്ഷ, കണക്റ്റിവിറ്റി, ഭാവിയിലെ വികസന ആവശ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവൃത്തികൾ കണ്ടെത്തി മുൻഗണന നിശ്ചയിച്ച് ശുപാർശ ചെയ്യുന്നതിനായി 24.09.2026-ലെ G.O.(Rt) No.1120/2026/PWD പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത മുൻഗണനാക്രമം നിശ്ചയിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ എത്ര വർഷത്തേക്കുള്ള ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വരാനിരിക്കുന്ന 10 വർഷത്തേയ്ക്കുള്ള സമഗ്രമായ പ്രവൃത്തികളുടെ പട്ടിക (comprehensive list of proposals) തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മാതൃകയും സ്വഭാവവും (pattern of work) നിശ്ചയിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**(ഡി)** മുൻഗണനാപട്ടികയിൽ ഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** ബാധകമല്ല

**സെക്ഷൻ ഓഫീസർ**